**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 112

**01 .07.2015-ൽ**
**മറുപടിയ്ക്ക്**

## 'റവന്യൂ അദാലത്ത്'

**ചോദ്യം**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. റ്റി. യു. കുരുവിള**
**ശ്രീ. സി. എഫ്. തോമസ്**

**മറുപടി**
**ശ്രീ. അടൂർ പ്രകാശ്**
**റവന്യൂവും കയറും വകുപ്പ് മന്ത്രി**

| ചോദ്യം | മറുപടി |
|---|---|
| (എ) റവന്യൂ വകുപ്പു നടത്തിയ റവന്യൂ അദാലത്ത് വിജയകരമായ സ്ഥിതിക്ക് ഇത്തരം അദാലത്തുകൾ ആറ് മാസത്തിലൊരിക്കൽ നടത്തുന്നതിന് നടപടി ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) പൊതുജനങ്ങൾക്ക് മന്ത്രിയുമായി നേരിട്ട് പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിനും തീർപ്പ് കൽപ്പിക്കുന്നതിനുമായാണ് സ്ഥിരം സംവിധാനങ്ങൾക്കു പുറമേ റവന്യൂ അദാലത്ത് നടത്തിയിട്ടുളളത്. ഇത്തരത്തിൽ അദാലത്തുകൾ 6 മാസത്തിലൊരിക്കൽ നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) വില്ലേജ് താലൂക്ക് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ ജനകീയവും സുതാര്യവുമാക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ? | (ബി) വില്ലേജ്-താലൂക്ക് ഓഫീസുകളുടെ പ്രവർത്തനം ജനകീയവും സുതാര്യവും ആക്കുന്നതിൻെറ ഭാഗമായി റവന്യൂ വകുപ്പിൽ നിന്നും നൽകി വരുന്ന 23 സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകി വരുന്നു. Online Transfer of Registry (പോക്കുവരവ്) വിവിധ ജില്ലകളിൽ നടപ്പാക്കി വരുന്നു. പൂർണ്ണമായ കടലാസു രഹിത പോക്കുവരവ് സംവിധാനം നടപ്പിലാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിട്ടിട്ടുളളത്. വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിൻെറ ഭാഗമായി എല്ലാ ജില്ലകളിലും ഓരോ Smart Village Office സ്ഥാപിച്ചു കൊണ്ടിരിക്കുകയാണ്. വിവിധ നികുതികൾ ഓൺലൈനായി അടയ്ക്കുന്നതിനുളള സംവിധാനവും താമസിയാതെ നടപ്പാക്കുന്നതാണ്. ഇതു മുഖേന പൗരന് ഏതു സമയത്തും എവിടെ വച്ചും സേവനം ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ